പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *107 — 05.03.2020 ൽ മറുപടിക്ക്

## റെയിൽ വികസന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>,, കെ.സുരേഷ് കുറുപ്പ്<br>,, സജി ചെറിയാൻ<br>,, ബി.ഡി. ദേവസ്സി | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് ഗതിവേഗം കൂട്ടുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനം മുന്നോട്ട് വച്ചിട്ടുള്ള പ്രധാന റെയിൽ വികസന പദ്ധതികൾ ഏതെല്ലാമാണ്; ഈ പദ്ധതികളിൽ ഏതെല്ലാമാണ് പുതിയ കേന്ദ്ര ബജറ്റിൽ സ്ഥാനം പിടിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) യും (ബി) യും | സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് ഉതകുന്ന എറണാകുളം - കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കൽ, അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കൽ, തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ, കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതി, ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി (ശബരി) റെയിൽപാത, അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, പാലക്കാട് കോച്ച് ഫാക്ടറി, എറണാകുളം മാർഷലിംഗ് യാഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കും ഇടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, വിവിധ റെയിൽവേ സ്റ്റേഷനുകളുടെ വികസനം, നേമം ടെർമിനലിന് പദ്ധതി, തിരുവനന്തപുരം - കാസർഗോഡ് വരെ സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ, കൊച്ചിയിലെ പഴയ റയിൽവേസ്റ്റേഷൻ (ഇപ്പോൾ ഉപയോഗമില്ലാത്തത്) പുനർനിർമ്മാണം, പ്രത്യേക റെയിൽവേ സോൺ മുതലായവയാണ് സംസ്ഥാനം മുന്നോട്ട് വച്ചിട്ടുള്ളത്.<br>മേൽ റെയിൽവേ പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ ഏകദേശം 164 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. എറണാകുളം - കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കലിന് 88.6 കോടി രൂപയും, അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കലിന് 13.95 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി, നേമം ടെർമിനൽ പദ്ധതിക്ക് 50 കോടി രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കൊച്ചുവേളി രണ്ടാം |
| (ബി) | അങ്കമാലി - എരുമേലി, ഗുരുവായൂർ - തിരുനാവായ എന്നീ റെയിൽ പാതകൾക്കായും അമ്പലപ്പുഴ - എറണാകുളം പാതയിരട്ടിപ്പിക്കലിനും വേണ്ടി എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | ടെർമിനൽ പദ്ധതിക്ക് ഏകദേശം 50 ലക്ഷം രൂപയും, ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി (ശബരി റെയിൽ), അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, പാലക്കാട് കോച്ച് ഫാക്ടറി എന്നീ പദ്ധതികൾക്ക് 1000 രൂപ വീതവും മാത്രമാണ് നീക്കിവച്ചിട്ടുള്ളത്.<br>ഇതിൽ തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് വകയിരുത്തിയിട്ടുള്ള 133.5 കോടി രൂപയിൽ 128.5 കോടി രൂപ, (ഇ.ബി.ആർ ഐ.എഫ്) ഇനത്തിലും 5 കോടി രൂപ ക്യാപ്പിറ്റൽ ഇനത്തിലും ആണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ക്യാപ്പിറ്റൽ ഇനത്തിലെ 5 കോടി രൂപ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.<br>എറണാകുളം മാർഷലിംഗ് യാഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കും ഇടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, റെയിൽവേ സ്റ്റേഷനുകളുടെ വികസനം തുടങ്ങിയവയ്ക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (സി) | പാതയിരട്ടിപ്പിക്കൽ പൂർത്തിയാക്കാത്തതും സിഗ്നലിംഗ് സംവിധാനം നവീകരിക്കാത്തതും യാത്രക്കാരുടെ എണ്ണത്തിനനുസരിച്ചുള്ള ട്രെയിനുകൾ അനുവദിക്കാത്തതും മൂലം ദുരിതപൂർണ്ണമായ സംസ്ഥാനത്തെ ട്രെയിൻ യാത്ര അടിയന്തരമായി മെച്ചപ്പെടുത്തുവാൻ റെയിൽവേയോട് ആവശ്യപ്പെടുമോ? | (സി) | പാത ഇരട്ടിപ്പിക്കൽ, സിഗ്നലിംഗ് സംവിധാനങ്ങളുടെ നവീകരണം മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും, ട്രെയിനുകൾ അനുവദിക്കാത്തത് കാരണവും യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് 30.12.2019, 16.01.2020, 06.02.2020 എന്നീ തീയതികളിലെ കത്തുകൾ മുഖേന സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ